# THE HINDU

# WEEKLY EDITORIAL ANALYSIS

**05/02/22 – 12/02/22**

www.acharyainfo.com

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം, 'Winter is here'

ശൈത്യകാല ഒളിമ്പിക്സ് വെള്ളിയാഴ്ച ആരംഭിക്കാനിരിക്കെ ഇന്ത്യ ഔദ്യോഗികമായി ഒളിമ്പിക്സ് ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചു. ബെയ്ജിങ് ഒളിമ്പിക്സിൽ ഇന്ത്യയിൽ നിന്നുള്ള ഉദ്യോഗസ്ഥർ ആരും പങ്കെടുക്കില്ലെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. 2020 ജൂണിൽ ഗാൽവാൻ താഴ്‌വരയിൽ ഇന്ത്യൻ സൈനികർക്ക് നേരെ നടന്ന അക്രമത്തിൽ പങ്കെടുത്ത സൈനികനെ ദീപശിഖയേന്താൻ നിയോഗിച്ചതിൽ പ്രതിഷേധിച്ചാണ് തീരുമാനം. അതേ സൈനികനെ അക്രമത്തിന് ശേഷം ചൈന സൈനിക ബഹുമതി നൽകി ആദരിക്കുകയും ചെയ്തിരുന്നു.

കഴിഞ്ഞ നവംബർ മാസം നടന്ന റഷ്യ, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരുടെ കൂടിക്കാഴ്ചക്ക് ശേഷമാണ് ഒളിമ്പിക്സിനെ പിന്തുണക്കാൻ ഇന്ത്യ തീരുമാനിച്ചത്. ഗാൽവാൻ താഴ്‌വരയിലെ അക്രമത്തിൽ പങ്കെടുത്ത സൈനികനെ ദീപശിഖയേന്താൻ തെരെഞ്ഞെടുത്തത് ഗാൽവാൻ വിഷയവും അവിടെ തങ്ങളുടെ സൈനികർ നടത്തിയത് വീരപോരാട്ടമാണെന്നും പ്രചരിപ്പിക്കാൻ ചൈന നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളുടെ ഭാഗമാണ്.

ACHARYA
An influential mentor

ഷ്വിങ്ജിയാങ് മേഖലയിൽ ഉയ്ഗുർ മുസ്ലിം വിഭാഗത്തിനെതിരെ ചൈന നടത്തുന്ന മനുഷ്യാവകാശ ലംഘനത്തിൽ പ്രതിഷേധിച്ച് അമേരിക്കയും സഖ്യരാജ്യങ്ങളും ഒളിമ്പിക്സ് ബഹിഷ്കരിച്ചതായി അറിയിച്ചിരുന്ന സാഹചര്യത്തിലായിരുന്നു ഇന്ത്യ ഒളിമ്പിക്സിനെ പിന്തുണക്കാൻ തീരുമാനിച്ചിരുന്നത്. ബഹിഷ്കരണ തീരുമാനങ്ങളെ ഒളിമ്പിക്സിനെ രാഷ്ട്രീയവൽക്കരിക്കുകയാണെന്നാണ് ചൈന ആരോപിക്കുന്നത്.

കോവിഡ് മഹാമാരിക്കെതിരെ പോരാടുന്ന സാഹചര്യത്തിൽ ഒളിമ്പിക്സ് നടത്തുക എന്നത് ചൈനയെ സംബന്ധിച്ചിടത്തോളം ആഭ്യന്തര തലത്തിലും രാഷ്ട്രീയ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മാത്രമല്ല ഒളിമ്പിക്സ് വിജയകരമായി നടത്താൻ സാധിക്കുന്ന സാഹചര്യത്തെ മഹാമാരിയെ നേരിടുന്നതിൽ ചൈനയുടെ ഭരണമോഡൽ തന്നെയാണ് മികച്ചത് എന്ന് പാശ്ചാത്യരാജ്യങ്ങളോട് വിളിച്ചുപറയാൻ ചൈന ഉപയോഗിക്കും.

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം, 'sex and violence'

മരിറ്റൽ റേപ്പ് ക്രിമിനൽ കുറ്റമാക്കുന്നതുമായി ബന്ധപ്പെട്ട നിലപാട് ഉടനെ അറിയിക്കുമെന്നാണ് കേന്ദ്ര സർക്കാർ ഡൽഹി ഹൈക്കോടതിയെ അറിയിച്ചത്. ഇന്ത്യൻ ശിക്ഷ നിയമം വകുപ്പ് 375 പ്രകാരം ഭാര്യക്ക് 18 വയസ്സ് പൂർത്തിയതാണെങ്കിൽ ഭാര്യയുടെ സമ്മതമില്ലാതെ നിർബന്ധപൂർവ്വം അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് ക്രിമിനൽ കുറ്റമല്ല. ഐ.പി.സി. വകുപ്പ്: 375'ലെ ഈ ഭാഗം റദ്ദാക്കുന്നതിനോട് 2017'ൽ കേന്ദ്ര സർക്കാർ എതിരഭിപ്രായമാണ് പ്രകടിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ തങ്ങൾ ക്രിമിനൽ നിയമങ്ങൾ സമഗ്രമായി ഭേദഗതി വരുത്താനുള്ള നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ് എന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. എന്നാൽ എല്ലാ വിവാഹങ്ങളും ക്രിമിനൽ കുറ്റത്തിൽ അവസാനിക്കുന്നു എന്നതിനോടും എല്ലാ പുരുഷന്മാരും പീഡനം നടത്തുന്നവരാണെന്നും കണക്കാക്കാനാകില്ല എന്ന് കേന്ദ്ര സർക്കാർ പറയുന്നു. ഇത്തരം നിലപാടിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നത് വകുപ്പ് 375 'ലെ വിവാദമായ ഭാഗം എടുത്തുകളയുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏറെ ജാഗ്രതയോടെ ആണ് നീങ്ങുന്നത് എന്നാണ്.

ACHARYA
An influential mentor

വിവാഹാനന്തര ബലാൽസംഗം ക്രിമിനൽ കുറ്റമാക്കാതിരിക്കാനായി അത് വിവാഹത്തിന്റെ പവിത്രത നഷ്ടപ്പെടുത്തുന്നു എന്നും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യത ഉണ്ട് എന്നും പറയുന്നതിനെ ന്യായീകരിക്കാനാകില്ല. ഭരണഘടനാവിരുദ്ധമായ ഈ ഭാഗം വകുപ്പ് 375'ഇൽ നിന്നും എടുത്തുകളയാനുള്ള വിധി വൈകിക്കുന്നതും അഭികാമ്യമല്ല.

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം, 'fixing frequencies first'

2022 ൽ തന്നെ 5 ജി സ്പെക്ട്രം ലേലം നടത്തുമെന്നും 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ 5 ജി സാങ്കേതിക വിദ്യ രാജ്യത്ത് അവതരിപ്പിക്കുമെന്നും ഉള്ള സർക്കാരിന്റെ ബജറ്റ് സമ്മേളനത്തിലെ പ്രഖ്യാപനം ഊഹാപോഹങ്ങൾക്ക് വഴിവെച്ചിരിക്കുകയാണ്. 5 ജി സാങ്കേതികവിദ്യക്കായി മാറ്റിവെക്കേണ്ട സ്പെക്ട്രവുമായി ബന്ധപ്പെട്ട നിർദ്ദേശം ട്രായ് മാർച്ച് മാസത്തിൽ നൽകുമെന്ന് വാർത്താവിനിമയകാര്യ വകുപ്പ് മന്ത്രി അറിയിക്കുകയും ഉണ്ടായി. ഇതിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നത് 5 ജി സ്പെക്ട്രം ലേലം ഏതാനും

മാസങ്ങൾക്കിടയിൽ ആരംഭിക്കും എന്നാണ്. എന്നാൽ 5 ജി സേവനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും സർക്കാരിന്റെ ഭാഗത്തുനിന്ന് വ്യക്തമായ ഉത്തരമോ വ്യക്തതയോ ലഭിച്ചിട്ടില്ല.

അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 5 ജി സേവനം രാജ്യത്തെ ടെലികോം കമ്പനികൾക്കോ രാജ്യത്തിൻറെ വളർച്ചക്കോ ഇപ്പോഴത്തെ സാഹചര്യത്തിൽ ഗുണം ചെയ്യുമോ എന്ന ചോദ്യം നിലനിൽക്കുന്നു എന്നതാണ്. നിലവിൽ സാമ്പത്തിക പ്രതിസന്ധിയിൽ വലയുന്ന രാജ്യത്തെ ടെലകോം കമ്പനികൾക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ ചെലവേറിയ 5 ജി ഗുണകരമാകാൻ സാധ്യതയുണ്ടോ എന്നതും ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

## 'ദി ഹിന്ദു ' എഡിറ്റോറിയലിന്റെ ചുരുക്കം, 'Anger in Diplomacy'

പാകിസ്ഥാനിൽ പ്രവർത്തിക്കുന്ന വിവിധ ബഹുരാഷ്ട്ര കുത്തകകളുടെ ശാഖകൾ കാശ്മീരുമായി ബന്ധപ്പെട്ടുകൊണ്ട് സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തത് പിൻവലിപ്പിക്കാൻ കേന്ദ്ര സർക്കാർ വലിയ ശ്രമം തന്നെയാണ് നടത്തിയത്. ഫെബ്രുവരി 5 'കശ്മീർ ഐക്യദാർഢ്യ ദിന'മായും കാശ്മീരിന് സ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ടും ആയിരുന്നു പോസ്റ്റ്. സാമൂഹിക മാധ്യമത്തിൽ ഇത്തരത്തിൽ പോസ്റ്റ് ചെയ്ത കമ്പനികളായ ടൊയോട്ട, കെ.എഫ്.സി തുടങ്ങിയ കമ്പനികൾക്ക് വലിയ ബിസിനസ്സ് ഇന്ത്യയിൽ ഉണ്ടെന്നെരിക്കെ സർക്കാരിന്റെ പ്രതികരണത്തിന് ന്യായീകരണമുണ്ടെന്നു പറയേണ്ടിവരും. മാത്രമല്ല സ്വകാര്യ ബഹുരാഷ്ട്ര കമ്പനികൾ ഇത്തരത്തിൽ രാഷ്ട്രീയ പ്രേരിതമായ വിഷയങ്ങളിൽ ഇടപെടുന്നതും അസാധാരണമാണ്.

വിഷയത്തിൽ കൊറിയൻ അംബാസിഡറെ വിളിച്ചുവരുത്തുകയുണ്ടായി. കൊറിയൻ വിദേശകാര്യ മന്ത്രി ഇന്ത്യൻ ജനങ്ങളോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.പോസ്റ്റിംഗുമായി ബന്ധപ്പെട്ട കമ്പനികളെക്കൊണ്ടും രാജ്യങ്ങളെക്കൊണ്ടും പോസ്റ്റ് പിൻവലിപ്പിക്കുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നതിൽ സർക്കാർ വിജയിക്കുമ്പോഴും സർക്കാരിന്റെ അതിനായുള്ള ശ്രമങ്ങൾ ലോക രാജ്യങ്ങൾ എങ്ങനെ കാണുന്നു എന്നതും ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തെ സ്വകാര്യ കമ്പനികളുടെ പ്രവർത്തനങ്ങളിൽ ,ആ രാജ്യത്തെ സർക്കാരിനെക്കൊണ്ട് ഉത്തരവാദിത്തം ഏറ്റെടുപ്പിക്കുന്ന തരത്തിൽ ഇന്ത്യ നടത്തിയ ശ്രമങ്ങൾ ഒരു പക്ഷെ അപ്രതീക്ഷിതമായ അനന്തര ഫലങ്ങൾ ഉണ്ടാക്കുമായിരുന്നു.

ACHARYA An influential mentor

വിഷയം ഇത്രയും ലോകശ്രദ്ധ ആകർഷിക്കപ്പെട്ട സാഹചര്യത്തിൽ കാശ്മീർ വിഷയം വീണ്ടും ലോകശ്രദ്ധയിലേക്ക് കൊണ്ടുവരുകയിയിരുന്നു പോസ്റ്റ് ചെയ്തവരുടെ ലക്ഷ്യമെങ്കിൽ ,അതും വിജയിച്ചതായി കരുതേണ്ടിവരും.

## 'ദി ഹിന്ദു' എഡിറ്റോറിയലിന്റെ ചുരുക്കം, 'Frozen by uncertainity'

പലിശനിരക്കിൽ മാറ്റം വരുത്താതെയുള്ള പുതിയ 'പണ-വായ്പാ നയം ചൂണ്ടിക്കാണിക്കുന്നത് മഹാമാരിയെ തുടർന്നുള്ള അനിശ്ചിതാവസ്ഥ റിസർവ് ബാങ്ക് ഗൗരവത്തോടെതന്നെ കാണുന്നു എന്നാണ്. ആഗോള സമ്പത്ത് വ്യവസ്ഥയുടെയും ആഭ്യന്തര സമ്പത്ത്വ്യവസ്ഥയുടെയും വളർച്ചയെ ഒമിക്രോൺ വ്യാപനം സാരമായി ബാധിച്ചിട്ടുണ്ട്.

പണ-വായ്പാ നയത്തിലെ മറ്റൊരു പ്രധാന കാര്യം എന്നത് 2022-23 ലെ മൊത്ത ആഭ്യന്തര ഉല്പാദന വളർച്ച നിരക്ക് 7.8 % ആയിരിക്കുമെന്ന പ്രവചനമാണ്. സാമ്പത്തികസർവ്വേ പ്രകാരം ഇത് 8 % മുതൽ 8.5 % വരെയാണ്.

ACHARYA
An influential mentor

വിലക്കയറ്റം ഉയർന്നുതന്നെ നിൽക്കുന്ന സാഹചര്യത്തിൽ പലിശനിരക്ക് ഉയർത്താത്ത തീരുമാനം തികച്ചും സധൈര്യം ഉള്ളതാണെന്ന് പറയേണ്ടിവരും. ശൈത്യകാലം വരുന്നതോടെ പച്ചക്കറിവില കുറയുമെന്നും ഒപ്പം ഭക്ഷ്യധാന്യോത്പാദനം വർദ്ധിക്കുമെന്നുമുള്ള പ്രതീക്ഷയാകാം വളർച്ചയെ സഹായിക്കുന്ന തരത്തിലുള്ള ഇപ്പോഴത്തെ തീരുമാനങ്ങൾക്ക് പിറകിൽ.